**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2044** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്ക് സർക്കാർ എയ്ഡഡ് മേഖലയിൽ 4 ശതമാനം സംവരണം നടപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാർക്ക് സർക്കാർ സർവീസിലും എയ്ഡഡ് മേഖലയിലും 4 ശതമാനം സംവരണം നടപ്പാക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 31.10.2019-ലെ GO(P) No. 12/2019/SJD പ്രകാരം സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അനുവദിച്ചിരുന്ന സംവരണം 3%-ത്തിൽ നിന്ന് 4% ആയി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. RPwD Act 2016 സെക്ഷൻ 33-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 25.08.2020-ലെ GO(P) No. 19/2020/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ കോമൺ കാറ്റഗറി തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം അനുവദിച്ചിരുന്നു.സർക്കാർ സർവ്വീസിലുള്ള ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പ്രൊമോഷനിൽ സംവരണം ഉറപ്പ വരുത്തുന്നതിനായി 15.07.2022-ലെ GO(P) No. 5/2022/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 654 എൻടി കേഡർ തസ്തികകൾക്ക് 4% സംവരണം അനുവദിച്ചുകൊണ്ട് 28.10.2022-ലെ GO(P) No. 7/2022/SJD പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>എയ്ഡഡ് സ്കൂളുകളിലും പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എയ്ഡഡ് കോളേജുകളിലും PwD Act 1995, RPwD Act 2016 എന്നിവ പ്രകാരം സംവരണം ഉറപ്പ വരുത്തുന്നതിന് 18.11.2018-ലെ GO(P) No. 18/2018/SJD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും ഭിന്നശേഷ് സംവരണം അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ GO(MS) No. 96/2021/Hedn dated 15.02.2021, GO(MS) No. 242/2022/Hedn dated 18.05.2022, GO(MS) No. 111/2022/Gedn dated 25.06.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് പി.എസ്.സി.-യിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്ക് വകുപ്പ് മറുപടി നൽകിയിട്ടുണ്ടോ; | (ബി) | നൽകിയിട്ടുണ്ട്. |
| (സി) | നാല് ശതമാനം ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനായി പി.എസ്.സി.-യുടെ റൊട്ടേഷൻ ചാർട്ട് പ്രകാരമുള്ള ഏതെല്ലാം ടേണുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്നും ഇത് മറ്റ് ഏതെങ്കിലും സംവരണ വിഭാഗത്തിന്റെ ടേണുകളിൽ ഉൾപ്പെട്ടുമോ എന്നും വ്യക്തമാക്കുമോ; | (സി) | GO(P) No. 12/2019/SJD dated 31.10.2019 പ്രകാരം നാല് ശതമാനം സംവരണം നടപ്പാക്കുന്നതിനായി 100 പോയിന്റ് നിയമന റോസ്റ്ററിലെ 1, 26, 51, 76 എന്നീ ടേണുകളാണ് ഭിന്നശേഷി സംവരണത്തിനായി അനുവദിച്ചിട്ടുള്ളത്. 26, 76 എന്നീ ടേണുകൾ മുസ്ലീം വിഭാഗത്തിന്റെ സംവരണ ടേണുകളായതിനാൽ ഇത് നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവ് പുനർ പരിശോധിക്കുന്ന വിഷയം പരിഗണനയിലാണ്. |
| (ഡി) | ഭിന്നശേഷിക്കാരുടെ സംവരണം നടപ്പിലാക്കാത്തത് മൂലം എയ്ഡഡ് സ്കൂൾ മേഖലയിൽ അടക്കം ഭിന്നശേഷികാർക്ക് അവസരം നഷ്ടപ്പെടുന്നതും എയ്ഡഡ് മേഖലയിലെ മറ്റ് അധ്യാപകർക്ക് ശമ്പളം ലഭിക്കാത്തതുമായ സാഹചര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | എങ്കിൽ നാല് ശതമാനം ഭിന്നശേഷി സംവരണം മറ്റ് സംവരണ വിഭാഗങ്ങളുടെ അവസരങ്ങൾ നഷ്ടപ്പെടാതെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ